Monthly Newsletter of
THE INDIAN PENTECOSTAL
CHURCH OF GOD - BAHRAIN
✶ Glorious service in Bahrain since 1956 ✶ Issue No. 76- April 2019


IPC VOICE

# പരീക്ഷകളും ഒരുക്കവും



Dr. George Mathew

പരീഷകളുടെ കാലമായിരുന്നു ഈ കഴിഞ്ഞ ദിവസങ്ങളും മാസങ്ങളും എല്ലാം. മാതാപിതാക്കളും അധ്യാപകരും കുട്ടികളും പരീക്ഷപ്പനി ബാധിച്ച്, കഷ്ടപ്പെട്ട് ആ യോർദാൻ കടന്ന് വിജയം വരിച്ചു സന്തോഷത്തിന്റെ കനാനിൽ എത്തിച്ചേർന്നു. പരീക്ഷയ്ക്കായി ഉറങ്ങാതെ കണ്ണിൽ എണ്ണയൊഴിച്ചു അതീവ ജാഗ്രതയോടു കൂടി പഠിച്ചു, പഠിപ്പിച്ചു. എത്രയോ കഠിനമായ ഒരു തപസ്യ പോലെ കുട്ടികളും മാതാപിതാക്കളും ജാഗ്രതയുള്ളവരാകുന്നു. ഒരു തരത്തിലും പരാജയപ്പെടെരുതെന്നു മാത്രമല്ല, ഏറ്റവും നല്ല വിജയം മാത്രം ലക്ഷ്യമാക്കിയുള്ള ചിട്ടയായ പഠനവും ഒരുക്കവും ഉറക്കവും. പുറമെയുള്ള എല്ലാ തരത്തിലുള്ള വിനോദങ്ങളും ചിലപ്പോൾ ഭക്ഷണം പോലും വെടിഞ്ഞുള്ള അതീവ കൃത്യതയുള്ള പഠന രീതിയും പ്രാർത്ഥനയും ജാഗ്രതയും.. എത്രയോ പ്രാധാന്യമാണ് നാം അതിനായി നൽകുന്നത്. ഈ ഭൂമിയിലെ ജീവിതത്തിനും, തുടർന്നുള്ള ഭാവിക്കും ആ ഒരുക്കങ്ങൾ നിശ്ചയമായും ആവശ്യവുമാണ്.




പക്ഷെ ഇതിലും വലിയ ഒരു പരീക്ഷ നാം ദിനം തോറും എഴുതിക്കൊണ്ടിരിക്കുകയാണ്. സിലബസ് തിരുവചനമാണ്. പഠനശാല നമ്മുടെ സഭയും കുടുംബവും നാം ഇടപെടുന്ന മേഖലകളുമാണ്. പരിശുദ്ധാത്മാവാണ് പരീക്ഷ കൺട്രോളർ. തിരുവചനമാകുന്ന സിലബസിൽ നിന്ന് കൊണ്ട് നാം ഓരോ ദിവസവും പരീക്ഷ എഴുതിക്കൊണ്ടിരിക്കുകയാണ്. ചോദ്യങ്ങൾ ആത്മാവിലും ജഡത്തിലും നമുക്ക് എപ്പോഴും ലഭിച്ചുകൊണ്ടേയിരിക്കുന്നു.

എഴുതുന്ന ഉത്തരങ്ങൾ ആത്മാവ് വിവേചിച്ചു കൊണ്ടിരിക്കുന്നു. പ്രോഗ്രസ്സ് കാർഡ് ലഭിക്കുന്ന ഇടം നമ്മുടെ പ്രാർത്ഥന മുറിയാണ്, നമ്മുടെ കുടുംബമാണ്, നമ്മുടെ ജോലി സ്ഥാപനമാണ്, നമ്മുടെ കൂട്ടായ്മയാണ്, നാം ഇടപെടുന്ന മേഖലകൾ ആണ്. എഴുതി ഒപ്പിട്ട ഒരു റിപ്പോർട്ട് കാർഡ് ലഭിക്കുന്നില്ല എങ്കിലും നമ്മെക്കുറിച്ചുള്ള റിപ്പോർട്ട് എല്ലായിടത്തും ഉണ്ട്. നാം ആയിരിക്കുന്നിടത്തു നല്ല സാക്ഷ്യമുള്ളവരായിരിക്കുക. വിരോധി നമ്മെക്കുറിച്ചു ഒരു അപവാദവും പറയാനിടവരാത്ത രീതിയിൽ നമ്മെത്തന്നെ ഒരുക്കി ജീവിക്കുവാൻ നാം പരിശ്രമിക്കണം.

മേൽപറഞ്ഞ പരീക്ഷകൾക്കു കുട്ടികൾ എപ്രകാരം ഒരുങ്ങുന്നുവോ അപ്രകാരമുള്ള ചിട്ടയോടെ കൂടിയായ ജാഗ്രതയുള്ള ഒരുക്കം നമ്മുടെ നിത്യതയിലേക്കുള്ള യാത്രയ്ക്കും ആവശ്യമാണ്. കർത്താവു പറഞ്ഞു, പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ. ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രെ. (മത്താ. 24:41)

നിത്യതയിൽ എത്തിച്ചേരാൻ അഥവാ കർത്താവിന്റെ വരവിൽ എടുക്കപ്പെടുവാനുള്ള പരീക്ഷയിൽ നാം പരാജയപ്പെടാതിരിക്കണമെങ്കിൽ ഈ ഭൂമിയിലെ ഏറ്റവും കഠിനമായ പരീക്ഷ എഴുതുന്നതിനേക്കാൾ അധികമായുള്ള ഒരുക്കവും പരിശ്രമവും കൃത്യതയും നിശ്ചയദാർഢ്യവും അതിൽ ജയിക്കുവാൻ ആവശ്യമാണ്. ഈ ഭൂമിയിലെ പരീഷകൾ പലതും പരാജയപ്പെട്ടാൽ നമുക്ക് വീണ്ടും എഴുതി വിജയിക്കുവാൻ അവസരങ്ങൾ ഉണ്ട്. എന്നാൽ നിത്യതയിലേക്കുള്ള പ്രവേശനം ഒരിക്കൽ മാത്രമേയുള്ളൂ എന്നതുകൊണ്ട് നമ്മുടെ ഭൗമീക പരീക്ഷകളെ ആത്മാവിൽ നേരിട്ട് വിജയിക്കുവാൻ ശ്രമിക്കാം.

ഈ ലേഖനത്തിന്റെ ഉദ്ദേശം, നമ്മുടെ ആത്മീയ യാത്രയെ ഒരു ഭൗമിക പരീക്ഷയുടെ ഒരുക്കവുമായി തുലനം ചെയ്തു കൂടുതൽ ജാഗ്രതയോടു കൂടി ജഡവുമായി മല്ലിട്ടു ആത്മാവിൽ ജീവിക്കുവാൻ ഒരുക്കുവാൻ വേണ്ടിയാണ്. ഓരോ ദിവസവും ഓരോ നിമിഷവും നാം ജഡവുമായി യുദ്ധം ചെയ്ത് ആത്മാവിൽ അതിന്റെ പ്രലോഭനങ്ങളെ തോൽപ്പിച്ച് മുന്നേറണം. നമ്മുടെ ഒരുക്കം, പ്രാർത്ഥന, സഭായോഗങ്ങൾ, ഉപവാസ പ്രാർത്ഥനകൾ, ദൈവവചന ധ്യാനങ്ങൾ എല്ലാം നമ്മെ പരീക്ഷകൾ ജയിക്കുവാൻ പര്യാപ്തമാക്കുന്നു.

മാതാപിതാക്കൾ കുട്ടികളെ പരീക്ഷകൾക്കു ഒരുക്കുന്നതുപോലെ പരിശുദ്ധാത്മാവിൽ നാം ജഡത്തിന്റെ പ്രവർത്തികളെ പരാജയപെടുത്തുവാൻ തയ്യാറെടുക്കണം. ആത്മാവിനെ നാം അനുസരിച്ചാൽ ജഡത്തിന്റെ ഇഷ്ടം നാം നിറവേറ്റുകയില്ല. എന്നാൽ ഇതൊരു കഠിനമായ പരീക്ഷ ആയതിനാൽ ഉണർന്നിരുന്ന് പ്രാർത്ഥിച്ച് നാം ഈ ജഡേച്ഛകളെ തോല്പിക്കുവാൻ പരിശ്രമിക്കണം.

നമുക്ക് നന്നായി ഒന്ന് ഒരുങ്ങാം. സത്യത്തിന്റെ പരിജ്ഞാനം പ്രാപിച്ചവരാണ് നാം. അതിനാൽ പടിവാതിലിൽ മുട്ടിവിളിക്കുന്ന പ്രലോഭനങ്ങളെ നമുക്ക് ആത്മാവിൽ പോരാടി ജയിക്കാം. നമ്മുടെ ഒരുക്കമാണ് നമ്മുടെ വിജയം. കർത്താവിലുള്ള നമ്മുടെ ആശ്രയവും ആത്മാവിലുള്ള ജീവിതവും നമ്മെ സ്ഥിരതയോടെ നില നിൽപ്പാൻ സഹായിക്കും. നമ്മുടെ സ്വന്തം ജഡം നമ്മെ എപ്പോഴും പരാജയപ്പെടുത്താൻ മാത്രമേ സഹായിക്കുകയുള്ളൂ. ഈ ജഡം നമ്മെ എപ്പോഴും ആത്മാവിന്റെ ഹിതത്തിന് വിരുദ്ധമായവ ചെയ്യുവാൻ പ്രേരിപ്പിച്ചു കൊണ്ടേയിരിക്കും. അതിൽ നാം വീണു പോകാതെ ജാഗ്രതയോടെ പ്രാർത്ഥനയോടെ ആത്മാവിനെ അനുസരിച്ചു ജീവിക്കാം.

### Further reading & meditation:

**Romans 6: 6, 8: 5, 9, 12,13**
**Galatians 2: 20, 5: 16, 23, 24**
**2 Corinthians 5:17**

**God's Promise**
**Eph. 4:31,32**

"Let all bitterness, wrath, anger, clamor, and evil speaking be put away from you, with all malice. And be kind to one another, tenderhearted, forgiving one another, even as God in Christ forgave you."

"എല്ലാ കൈപ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകല ദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ."

"ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം." 1 Thess. 5:17

## പ്രാർത്ഥനയ്ക്ക്

1. ബഹറിന്റെ ഭരണാധികാരികൾക്കും ജനങ്ങൾക്കും സുരക്ഷയ്ക്കും വേണ്ടി
2. ഭാരതത്തിലെ ഭരണാധികാരികൾക്കും, ജനങ്ങൾക്കും, 29 സ്റ്റേറ്റുകളിൽ വിവിധ നിലകളിൽ സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമായി.
3. നമ്മുടെ കേരളത്തിലെ 14 ജില്ലകൾക്കായും അവിടുത്തെ സുവിശേഷപ്രവർത്തനങ്ങൾക്കുമായി
4. സുവിശേഷം നിമിത്തം തടവറയിൽ ആയിരിക്കുന്ന മിഷനറിമാർക്കായും അവരുടെ കുടുംബത്തിനായും
5. ഒരു ആത്മീയ ഉണർവ്വ് ഉണ്ടാകുവാനും എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുവാനും,
6. ശുശ്രൂഷകൻമാർക്കും കുടുംബങ്ങൾക്കും സഹവിശ്വാസികൾക്കും വേണ്ടി
7. സുവിശേഷ പ്രവർത്തനങ്ങൾക്കായി സഭയിൽ നിന്നു പോയ എല്ലാവരേയും ഓർത്ത് പ്രാർത്ഥിക്കുക
8. PMBB യുടെ പ്രവർത്തനങ്ങൾക്കായും അതിന് ചുമതല വഹിക്കുന്ന എല്ലാ ശുശ്രൂഷകൻമാർക്കായും
9. വാർദ്ധക്യത്തിലായിരിക്കുന്ന മാതാപിതാക്കൾ, രോഗികളായി ആശുപത്രികളിലായിരിക്കുന്നവർ എന്നിവർക്കായി
10. For all those who are planning to get married so that they find the right partner
11. For those who are seeking for a job and looking for a promotion in their current jobs
12. For those who are under pressure on thier job and facing visa and other problems
13. For our youngsters studying in Schools & Professional Colleges in and out of Bahrain
14. For all our UNSPOKEN REQUESTS
15. **PRAY FOR THE SICK**

• Sheeba (U.S.A) • Joshua Kallissery • Krupa (D/o Cyrus) • Danny Manoj
• Br. Titus Samuel • Sis. Tincy • Jincy (Kuwait) • Sis. Kunjumol (Kalayapuram)
• Father of Br. Joyson • Sr. Sheelu (Canada) • Leelamma Aunty
• Pr. Joju Joseph & Viji (Calcutta) • Br. Aji K. Mathew • Br. Alex (Brother of Sumol)
• Baby Aarushi (Kozhikode) • Child of Br. Rajesh • Blessen • Sis. Anu

**Cancer patients** - • Br. Raju • Br. Joshua (Kuwait) • M/o Br. Tino • Br. Jose (Kottarakkara)
• Mahima (Kottarakkara) • Radhamani (Kollam) • Kunjamma (Tiruvalla) • Sis. Betcy

**For all children suffering with allergic problems**

• Dawn Manoj • Jeslin Joy • Neha Selvin • Sara Bijoy
• Priya Abraham • Joseph Benji • Jonathan (Kuwait)

16. **In Familyway**: • Aswini Nicky
17. **Family Blessing** • Saju & Nissy • Seema & Sajith • Santy & Vini • Sheeba & Rajesh

## മഹത്വത്തിൽ



**മറിയാമ്മ ചാണ്ടി (84)**
ഇളപ്പുങ്കൽ, വെണ്ണിക്കുളം
(Mother of Br. E.C. Scariah)

## സ്തോത്രത്തിന്

### BIRTHDAYS — MAY

| | |
|---|---|
| May-01 | Pr. Jaison Kuzhivila |
| May-01 | Alphy Siju |
| May-02 | Nissy Saju |
| May-04 | Ponnamma Abraham |
| May-04 | Danny T. Manoj |
| May-04 | Salin Meledath |
| May-05 | Jayadas T K |
| May-05 | Gracy John |
| May 05 | Ashwini Sam |
| May-06 | Rachel Kuzhivila Jaison |
| May-08 | Edwin Abraham |
| May-09 | Rhea E. Mathew |
| May-10 | Baiju Varghese |
| May-11 | Susan John |
| May-15 | P. O. Joy |
| May-15 | Lissy John |
| May-15 | Shiji Selvin |
| May-15 | John Thomas (Shaji) |
| May-16 | Manoj Thomas |
| May-20 | Elsy Abraham |
| May-20 | John C. Mathew (Shibu) |
| May-20 | Ponnachan Oonnonny |
| May-21 | Jomon Thomas |
| May-22 | Elsamma Ponnachan |
| May-23 | Lizzy Paul |
| May-24 | Remey Rachel Roy |
| May-24 | Sunny Abraham |
| May-25 | Sumole Sunny |
| May-25 | Thomas Jose. V |
| May-25 | Jedeetha Achu jomon |
| May-25 | Sunny Abraham |
| May-25 | Abraham Oommen |
| May-25 | Jomon Abraham |
| May-25 | Samuel Kutty T M |
| May-25 | Joise Mathew Kuruvilla |
| May-25 | Josh Regi Kurian |
| May-29 | Philip P. Varghese |
| May-30 | Dency Jomon |
| May-30 | Mathew Kuruvilla |
| May-30 | Annie George Jacob |
| May-30 | Jolly John |
| May-30 | Prasad Joy |
| May-30 | Jasik Jose |
| May-31 | Rosamma Titus |
| May-31 | Liji Regi Kurian |

### WEDDING ANNIVERSARIES

| | |
|---|---|
| May-11 | Nicky Koshy Philip & Ashwini Sam |
| May-23 | Jerin G James & Jincy Jerin |
| May-24 | Madhusoodhan P. P. & Shyna Madhu |

*God blessed Br. Jerin & Jincy with a baby boy*

# ദേഷ്യം

ഒരു പിതാവ് ദേഷ്യക്കാരനായ മകനെ വിളിച്ച് ആണികൾ നിറച്ച ഒരു പെട്ടിയും ഒരു ചുറ്റികയും കൊടുത്ത് പറഞ്ഞു, "നിനക്ക് ദേഷ്യം വരുമ്പോഴൊക്കെ ഒരു ആണിയെടുത്തു ഭിത്തിയിൽ അടിക്കുക." കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആണി തീർന്ന വിവരം മകൻ പിതാവിനെ അറിയിച്ചു. അപ്പോൾ പിതാവ് മറ്റൊരു നിർദ്ദേശം വച്ചു, "ദേഷ്യം നിയന്ത്രിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ വരുമ്പോൾ അതിൽ നിന്നു ഓരോ ആണി വീതം ഊരിയെടുക്കുക."

ആഴ്ചകൾക്ക് ശേഷം ഒരു ദിവസം, ആണിയെല്ലാം ഊരിക്കഴിഞ്ഞുവെന്നു മകൻ പിതാവിനെ അറിയിച്ചു. ആദ്ദേഹം മകനെയും കൂട്ടി ആണികൾ തറച്ച പാടുകൾ കൊണ്ട് വികൃതമായ ഭിത്തിയുടെ അടുത്തു ചെന്ന് ഇപ്രകാരം പറഞ്ഞു; "ദേഷ്യത്തോടെ നാം മറ്റുള്ളവരോട് പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് ഇതേ പ്രകാരം അവരുടെ ഹൃദയങ്ങളെ മുറിപ്പെടുത്തുന്നു."

ഭിത്തിയിൽ നിന്നും ആണി ഊരിയെടുത്തുവെങ്കിലും അതിന്റെ കലകൾ പോകാത്തതുപോലെ ദേഷ്യസമയത്തു നാം പറയുന്ന വാക്കുകൾ മറ്റുള്ളവരുടെ ഹൃദയങ്ങളിൽ മുറിവേൽപ്പിക്കും. ആ മുറിവുകൾ ഉണക്കിയെടുക്കാൻ വലിയ പാടാണന്നതിനാൽ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ശ്രമിക്കുകയാണ് ശാന്തിയും സമാധാനവും ലഭിക്കാനുള്ള നല്ല മാർഗം.

## Bible Quiz 58

# 1 രാജാക്കന്മാർ

1. ദാവീദിന്റെ വാർദ്ധക്യത്തിൽ തനിക്കു പരിചാരികയായി ശുശ്രൂഷ ചെയ്ത ശൂനെംകാരത്തി ആര്?
2. ആരുടെ നരയെയാണ് ജ്ഞാനം പ്രയോഗിച്ചു പാതാളത്തിൽ ഇറങ്ങുവാൻ സമ്മതിക്കരുത് എന്ന് ദാവീദ് ശലോമോനോട് പറഞ്ഞത്?
3. ശലോമോൻ യഹോവയുടെ പൗരോഹിത്യത്തിൽ നിന്നും നീക്കിക്കളഞ്ഞത് ആരെ?
4. യാഗപീഠത്തിന്റെ കൊമ്പുകളിൽ പിടിച്ചിരുന്നപ്പോൾത്തന്നെ വെട്ടിക്കൊല്ലപ്പെട്ടവൻ?
5. തന്നെക്കാൾ നീതിയും സൽഗുണവുമുള്ള രണ്ടു പുരുഷന്മാരെ വാൾകൊണ്ടു വെട്ടിക്കൊന്നവൻ ആര്?

തയ്യാറാക്കിയത്:
**Titus Samuel**

## Meeting Schedule - May

**CHAIN PRAYER**

- May 3
  - 1st Session 9am to 12.30pm @ Ebenezer School
  - 2nd Session 7.30pm to 9pm @ New Indian School

**CHURCH FASTING PRAYER -**

- May 6,7,8 - 7.30pm @ New Indian School

**PYPA -** · May 17- 11am @ Ebenezer School

**AREA PRAYER -** Every Monday-7.30 to 9pm

- @ Flat 602, Sana Building Salmaniya
  *(Contact Pr. Jaison: 33353205)*

**SISTERS MEETING**

- April 30,31 May 1 - Br. Mathukutty & Joyce
- May 11 - Br. Rejoy & Sarah
- May 18 - Br. Raju & Gracy
- May 25 - Will be announced

**ബൈബിൾ ക്വിസ് -57 ഉത്തരങ്ങൾ**

1. 1Kings 2:5
2. 1Kings 2:8
3. 1Kings 2:25
4. 1Kings 2:38
5. 1Kings 2:44

**CONGRATULATIONS....**
**to all students who came off with flying colours in their 10th & 12th Board Exams.**

I can do everything through him who gives me strength.
- Philippians 4:13



Please send your prayer requests, articles & feedback to
**rymathews@gmail.com / Roy Mathews - 39856057**
**www.ipcbahrainchurch.com**
(For private circulation among church members only)

IPC VOICE
Issue No. 76- April 2019